# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1479** **30.01.2018-ൽ മറുപടിയ്ക്ക്**

## നെയ്യാർഡാം കേന്ദ്രീകരിച്ച് മത്സ്യ ഉത്പാദനം

**ചോദ്യം**
**ശ്രീ.സി.കെ. ഹരീന്ദ്രൻ**

**മറുപടി**
**ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):**

എ) പാറശ്ശാല മണ്ഡലത്തിലെ നെയ്യാർഡാം കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ചതുപ്പുനിറഞ്ഞ 17 ഏക്കറോളം സ്ഥലത്ത് 60 ലക്ഷത്തോളം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) ഉണ്ട്.

നെയ്യാർ ഡാം കേന്ദ്രീകരിച്ച് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 16.95 ഏക്കർ സ്ഥലത്ത് 15 ലക്ഷം ഉത്പാദനശേഷിയുള്ള ഒരു GIFT തിലാപ്പിയ ഹാച്ചറിയുടെയും 45 ലക്ഷം ഉത്പാദനശേഷിയുള്ള അലങ്കാര മത്സ്യങ്ങളുടെ ഉത്പാദന കേന്ദ്രത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

ബി) രണ്ട് കോടിയോളം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാൻ കഴിയുന്ന വിധത്തിൽ ഈ സൗകര്യങ്ങൾ വിപുലപ്പെടുത്തി, ഓർണമെന്റൽ മത്സ്യവും സാധാരണ മത്സ്യവും ഉൽപാദിപ്പിച്ച് ദേശീയ തലത്തിൽ മുന്നിൽ വരാൻ കഴിയുന്ന ഒരു കേന്ദ്രമായി ഇതിനെ ഉയർത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കാമോ;വിശദമാക്കുമോ?

ബി) പുതുതായി നിർമ്മിക്കുന്ന GIFT ഹാച്ചറിയുടെ ഉത്പാദന ശേഷി 100 ലക്ഷമായി വർദ്ധിപ്പിക്കുന്ന കാര്യവും 30 ലക്ഷം ഉത്പാദന ശേഷിയുള്ള കാർപ്പ് ഹാച്ചറി നിർമ്മിക്കുന്ന കാര്യവും അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്. കൂടാതെ സർക്കാർ ഏജൻസിയായ ഫിർമയുടെ അധീനതയിൽ നൽകിയ നാഷണൽ സെന്റർ ഫോർ ഓർണമെന്റൽ ഫിഷ് ഫാം ഫിഷറീസ് വകുപ്പ് തിരികെയെടുത്ത് പ്രവർത്തന സജ്ജമാക്കി അലങ്കാര മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനം 45 ലക്ഷം ആക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ആഫീസർ**